**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592** **24-08-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണനയിലില്ല. |
| (ബി) | കാർഷിക നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കായി നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിൽ പാലുണ്ട എന്ന സ്ഥലത്ത് ഫുഡ് പാർക്ക് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസായ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | നിലമ്പൂർ മണ്ഡലത്തിൽ കാർഷിക നാളീകേരാധിഷ്ഠിത വ്യവസായങ്ങൾ ക്കായി ഒരു ഫുഡ് പാർക്ക് ആരംഭിക്കുന്നതിന് നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിലുള്ള പാലുണ്ട എന്ന സ്ഥലത്തിന്റെ വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. നിലമ്പൂർ റബ്ബർ കമ്പനി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ചുങ്കത്തറ വില്ലേജിൽ സർവ്വേ നമ്പർ 95/342 -ലുള്ള പ്രസ്തുത സ്ഥലം വിട്ടു കിട്ടുന്നതിന് സമ്മതപത്രം ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് സ്ഥലം ഉടമയ്ക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത സ്ഥലം വിട്ടു നൽകാൻ തയ്യാറാണെന്നും ലാന്റ് അക്വിസിഷൻ റിഹാബിലിറ്റേഷൻ ആൻഡ് റീ സെറ്റിൽമെന്റ് ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോമ്പൻസേഷൻ നിർദ്ദേശങ്ങൾ പാലിച്ച് കോമ്പൻസേഷൻ, മുൻകൂറായി നൽകണമെന്നും കമ്പനി ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ